(ബി) ഇവർക്ക് പ്രതിവർഷം എത്ര പൂ ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്നു;

(സി) പൂ വിൽപ്പനയിൽനിന്നും പൂ കൃഷി സഹകരണസംഘത്തിൽപ്പെടുന്ന ഒരാൾക്ക് ഒരു ദിവസം ശരാശരി എന്തുവരുമാനമുണ്ടാകുന്നു?

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പൂ കൃഷി സംഘങ്ങൾ

133 [2752] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, കെ. എ. ചന്ദ്രൻ:
ശ്രീമതി ശോഭനാ ജോർജ്:
ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പിന്റെ ശ്രമഫലമായി ഇതുവരെ എത്ര പൂ കൃഷി സംഘങ്ങൾക്ക് രൂപം കൊടുക്കുവാൻ കഴിഞ്ഞു;

(ബി) 2003-04 മുതൽ ഇതുവരെ എത്ര പൂ കൃഷി സംഘങ്ങൾ രൂപീകരിച്ചു;

(സി) കൃഷിവകുപ്പിന്റെ ശ്രമഫലമായി രൂപീകരിക്കപ്പെട്ട പൂ കൃഷി സംഘങ്ങളിൽ എത്രയെണ്ണം ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്?

ഉത്തരം

(എ) 243.

(ബി) 243 പൂ കൃഷി സംഘങ്ങൾ.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പുഷ്പകൃഷി വികസനത്തിനു സഹായങ്ങൾ

134 [2753] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, പി. ടി. തോമസ്:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുഷ്പകൃഷി വികസനത്തിനു എന്തെല്ലാം സഹായങ്ങൾ നൽകി വരുന്നു;

LIBRARY ARCHIVES Kerala Legislative Assembly